**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/08/2026

1. മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ "മിത്ര അഗ്രിഫെസ്റ്റ് 2026" എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന – വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ കൃമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും. സാങ്കേതിക വിദ്യയും സംരംഭകത്വവും സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പുതിയ അവസരങ്ങൾ യുവജനങ്ങൾക്കും കർഷകർക്കും പരിചയപ്പെടുത്തുകയും, കൃഷിയെ മികച്ച തൊഴിലായി

പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. കൃഷി, മൃഗസംരക്ഷണം, കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ അഗ്രിഫെസ്റ്റ്. കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേര പദ്ധതിയുടെ ഭാഗമായി **“റബ്ബർ പുനരുജ്ജീവനം”** എന്ന വിഷയത്തിൽ കർഷകർക്കായി സൗജന്യ ശാസ്ത്രീയ പരിശീലനം സംഘടിപ്പിക്കുന്നു. പഴയ മരങ്ങൾ വെട്ടിമാറ്റി ഉയർന്ന ഉൽപ്പാദന ക്ഷമതയും കാലാവസ്ഥ അധിജീവനക്ഷമതയുമുള്ള പുതിയ തൈകൾ നടുന്നതിന് പരമാവധി രണ്ട് ഹെക്ടറിന് 75000/- രൂപ വരെ റബ്ബർ പുനർനടീലിന് ധനസഹായം നൽകുന്നു. പോളി ഹൗസ്, കാലാവസ്ഥ സംരക്ഷണ ഷെഡ്, ഫെർട്ടിഗേഷൻ, സ്പ്രിംഗ്ലർ ജലസേചനം തുടങ്ങിയവയ്ക്ക് അംഗീകൃത നഴ്സറികൾക്ക് ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 % സബ്സിഡി നിരക്കിൽ പരമാവധി 6 ലക്ഷം വരെ ധനസഹായം നൽകുന്നു. വ്യക്തിഗത കർഷകർക്ക് രണ്ട് ഹെക്ടറിന് 150000 രൂപവരെ

ധനസഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188301359 / 9037824036/ 9037824049/ 9037824086 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

3. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി മാറനല്ലൂർ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 10 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. കൃഷി മുഖ്യഉപജീവനമായി സ്വീകരിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം.അഞ്ച് വർഷത്തിനുള്ളിൽ അവാർഡ് ലഭിച്ചവരെ പരിഗണിക്കുന്നതല്ല. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ആഗസ്റ്റ് 4 നു മുൻപായി കൃഷിഭവനിൽ നൽകണം.

4. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിതവും പോഷകസമൃദ്ധവുമായ പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ പുത്തൻ ആശയവുമായി കേരള കാർഷിക സർവകലാശാല. അടുക്കളത്തോട്ടങ്ങളിലോ സ്ഥലപരിമിതിയുള്ളവർക്ക് ടെറസിലോ ഫ്ലാറ്റുകളിലോ അഞ്ച് ചട്ടികളിലായി വളർത്താവുന്ന '**പഞ്ചകം**' എന്ന ലളിതമായ അടുക്കളത്തോട്ട ആശയത്തിന് സർവകലാശാല തുടക്കമിട്ടു. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുരിങ്ങ, പപ്പായ, മുളക്, കറിവേപ്പ്, കുറ്റിപ്പയർ എന്നീ അഞ്ച് പ്രധാന വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ, വിഷരഹിതവും പോഷക

സമൃദ്ധവുമായ പച്ചക്കറികൾ സ്വന്തമായി ഉത്പാദിപ്പിക്കാൻ കുടുംബങ്ങളെ പ്രാപ്തരാക്കുകയാണ് കാർഷിക സർവകലാശാല ലക്ഷ്യമിടുന്നത്. കേരളത്തിലുടനീളം സുസ്ഥിരവും സ്വയംപര്യാപ്തവുമായ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രായോഗിക ചുവടുവെയ്പ്പാണ് ഇതെന്ന് പദ്ധതി വിശദീകരിച്ചുകൊണ്ട് കാർഷിക സർവകലാശാല വൈസ് ചാൻസലർ (പ്രൊഫസ്സർ) ഡോ. ടി. സജിതാ റാണി പറഞ്ഞു.

5. കർഷക ദിനത്തോടനുബന്ധിച്ച് പെരിങ്ങമല കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ജൈവകൃഷി അവലംബിക്കുന്നവർ മികച്ച വനിതാ കർഷക, മികച്ച വിദ്യാർഥി കർഷകൻ, മുതിർന്ന കർഷക കർഷകൻ, മികച്ച ക്ഷീര കർഷകർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കർഷകരെ ആദരിക്കുന്നു. അപേക്ഷകൾ ആഗസ്റ്റ് മൂന്നിന് വൈകിട്ടും അഞ്ചിന് മുമ്പ് പെരിങ്ങമല കൃഷിഭവനിൽ എത്തിക്കണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

6. റബ്ബർ പാലിൽ നിന്നുള്ള ഉത്പന്ന നിർമാണത്തിൽ റബ്ബർ ബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് , ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും

റബ്ബർപാൽ സംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്ങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്. 2026 ആഗസ്റ്റ് 03 മുതൽ 07 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചാണ് പരിശീലനം നടത്തപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്നി ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

1. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ**

a) സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാൻ ആന്റ് പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് സ്ട്രക്ച്ചർ ച.മീറ്ററിന് 900 രൂപ നിരക്കിലും, നാച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ/റെക്റ്റാഗുലർ ഗ്രീൻ ഹൗസ് സ്ട്രക്ച്ചർന് ച. മീറ്ററിന് 600 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 4000 ച. മീറ്ററിന് ധനസഹായം നല്കുന്നു.

b) പ്ലാസ്റ്റിക് പുതയിടീലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിനും തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് ച..മീറ്ററിന് 355/- രൂപ എന്ന നിരക്കിൽ പരമാവധി 4000 ച.മീറ്ററിനു ധനസഹായം നല്കുന്നു.

c) പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി വിളകളുടെ നടീൽ വസ്തുക്കളുടെ ചെലവിനും, കൃഷിയ്ക്കും, ഓർക്കിഡ്, ആന്തൂറിയം കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവയ്ക്കും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

d) ഹൈഡ്രോപോണിക്സ് എയറോപോണിക്സ് സംവിധാനത്തിന് പരമാവധി 1000 ചതുരശ്ര മീറ്ററിനും പദ്ധതിയിലൂടെ ധനസഹായം നല്കുന്നു. പോളി ഹൗസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാനുകൾക്കും (പരമാവധി 6 ഫാനുകൾക്ക് ) ധനസഹായം ലഭിക്കും. ഫെർട്ടിഗേഷനുള്ള സെൻസർ അധിഷ്ഠിത ഓട്ടോമേഷനൻ സിസ്റ്റം യൂണിറ്റ്ന് 2 ലക്ഷം രൂപ സബസിഡി നിരക്കിൽ സംരക്ഷിത കൃഷിയിൽ പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നല്കുന്നു.

e) പച്ചക്കറി വിളകൾക്കുള്ള പിന്തുണാ സംവിധാനം നടപ്പിലാക്കുന്നതിന്, പക്ഷി പ്രതിരോധ വലകൾക്കുള്ള സ്ഥിരം പിന്തുണാ ഘടന, ഫെൻസിങ് അഥവാ വേലി നിർമ്മിച്ച് കൃഷിയിടം സംരക്ഷിക്കുക എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

f) പേപ്പർ/നെയ്ത്ത കവർ/പേപ്പർ ബാഗുകൾ മുതലായവ കൊണ്ടുള്ള പഴം/കുലകവർ ഉപയോഗിച്ച് പഴങ്ങൾ സംരക്ഷിക്കുന്നതിന് ധനസഹായം നല്കുന്നു. മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.